പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2166 — 11.03. 2020 ൽ മറുപടിക്ക്

**വൈദ്യുതി ബില്ല് വിവരം ഉപഭോക്താക്കളെ എസ്.എം.എസ് വഴി അറിയിക്കുന്ന പദ്ധതി**

ചോദ്യം — ഉത്തരം

ശ്രീ.അബ്ദുൽ ഹമീദ് പി. — ശ്രീ.എം.എം.മണി

" പി. ഉബൈദുള്ള — (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതിബില്ല് അടയ്ക്കേണ്ട അവസാന തീയതി ഉൾപ്പെടെ കാണിച്ചുകൊണ്ട് വൈദ്യുതി ബില്ല് വിവരം ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. യിൽ നിലവിലുണ്ടോ; | (എ) വൈദ്യുതി ബില്ല് അടയ്ക്കേണ്ട അവസാന തീയതി ഉൾപ്പെടെ കാണിച്ചുകൊണ്ട് വൈദ്യുതി ബില്ല് വിവരം ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്ന 'ഊർജ്ജ-സൗഹൃദ' പദ്ധതി കെ.എസ്.ഇ.ബി നടപ്പാക്കിയിട്ടുണ്ട്. വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ളതാണ് പ്രസ്തുത ഊർജ്ജ-സൗഹൃദ പദ്ധതി. വൈദ്യുതിബിൽ, മീറ്റർ റീഡർമാർ മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ, ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ വിവരസാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ എസ്.എം.എസ് ആയി മൊബൈൽ ഫോൺ വഴി അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയാണ് ഊർജ്ജ-സൗഹൃദ. |
| (ബി) ഈ സംവിധാനം എല്ലാ കെ.എസ്.ഇ.ബി. സെക്ഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇതിനായി എല്ലാ ഉപഭോക്താക്കളുടെയും മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്നതിന് ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) ഇതിനായി എല്ലാ ഉപഭോക്താക്കളുടേയും മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്നതിന് ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ വെബ് സൈറ്റ് www.kseb.in വഴിയോ നേരിട്ട് സെക്ഷൻ ഓഫീസ് മുഖേനയോ, കസ്റ്റമർ കെയർ സെന്റർ (1912) മുഖേനയോ ഉപഭോക്താവിന് പ്രസ്തുത പദ്ധതിയിൽ ഏത് സമയത്തും മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ